# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1597** **15.02.2016 ൽ മറുപടിയ്ക്ക്**

## നാളികേരത്തിന്റെ വിലയിടിവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.കെ.കെ.ലതിക :<br>ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ :<br>ശ്രീ. കെ.കെ. നാരായണൻ :<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നാളികേരത്തിന്റെ വിലയിടിവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ ; | (എ) | ഉണ്ട്.സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ പ്രൈസസ് ബോർഡിൽ നിന്നും ലഭിച്ച കണക്കുകൾ പ്രകാരം 2015 ഫെബ്രുവരി മാസം 1000 തേങ്ങയുടെ വില 15105 രൂപയായിരുന്നത് 2015 ജൂലൈ മാസം 11720 രൂപയും 2015 ഡിസംബറിൽ 10308 രൂപയുമായി കുറഞ്ഞിട്ടുണ്ട്. 2016 ജനുവരി മാസം വില വീണ്ടും കുറഞ്ഞ് 9654 രൂപയായിട്ടുണ്ട്. ഫെബ്രുവരി മാസവും നാളികേരത്തിന് കുറഞ്ഞ വിലയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. |
| (ബി) | ഇടത്തട്ടുകാരും കമ്പോളലോബിയുമാണ് ചില്ലറ വിൽപനവില നിശ്ചയിക്കുന്നത് എന്ന കാര്യം സർക്കാരിനറിയാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) | യഥാർത്ഥ കേരകർഷകർക്ക് ഉൽപാദനച്ചെലവിന് അനുസൃതമായ വില ലഭിക്കാത്ത സ്ഥിതിവിശേഷം ഒഴിവാക്കാൻ സർക്കാർ തലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) & (ഡി) | യഥാർത്ഥ കേരകർഷകർക്ക് ഉല്പാദനച്ചെലവിന് അനുസൃതമായി ന്യായമായ വില ലഭിക്കുന്നതിനും വിലയിടിവിൽ നിന്നും രക്ഷിക്കുന്നതിനുമായി സംസ്ഥാന കൃഷി വകുപ്പും കേരഫെഡും സംയുക്തമായി പച്ചനാളികേര സംഭരണ പദ്ധതി നടപ്പിലാക്കിവരുന്നു.പൊതു വിപണിയിൽ കിലോഗ്രാമിന് 15-16 രൂപ വിലയുള്ളപ്പോൾ 25 രൂപ വിലയ്ക്കാണ് കൃഷിഭവൻ വഴി കേരഫെഡ് സംഭരിക്കുന്നത്. ആയതിനാൽ ന്യായമായ വില കർഷകർക്ക് ലഭിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നു. ഈ പദ്ധതി നാളികേര കർഷകർക്ക് പ്രയോജനപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ട്. |
| (ഡി) | പ്രതിസന്ധി മറികടക്കുന്നതിൽ സർക്കാരിന്റെ വിപണി ഇടപെടൽ സംവിധാനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങളെ ഈ സാഹചര്യത്തിൽ വിലയിരുത്തുമോ? | | |

സെക്ഷൻ ഓഫീസർ